**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5449** **03-11-2021 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവാദം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 18.02.2021-ലെ സ.ഉ.(എം.എസ്) 51/2021/ ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിന് ശേഷം മാത്രം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വളാഞ്ചേരി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ തൽക്കാലം പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് വേണ്ടി ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലഭ്യമായിട്ടുണ്ട്. നേരത്തെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സംബന്ധിച്ച Work Appendix II Vol. 1-ൽ ആണ് വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ഉൾപ്പെടുത്തിയിരുന്നത് എന്നതിനാൽ പ്രത്യേകം ഭരണാനുമതി ആവശ്യമില്ല. |
| (സി) | ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മറുപടി (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ